# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1741 06.03.2017-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. ലാഭത്തിലാക്കാൻ നടപടി

| ചോദ്യം<br>ശ്രീ. പി.കെ.ബഷീർ | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യ്ക്ക് കഴിഞ്ഞ ആറ് മാസമായി ഉണ്ടായ സഞ്ചിത നഷ്ടം എത്ര കോടി രൂപയാണ്; | (എ) | താൽക്കാലിക കണക്കനുസരിച്ച് കഴിഞ്ഞ ആറുമാസത്തെ സഞ്ചിതനഷ്ടം (2016 സെപ്തംബർ മുതൽ 2017 ഫെബ്രുവരി വരെ) 321.89 കോടി രൂപയാണ്. |
| (ബി) | കെ.എസ്.ആർ.ടി.സിയിൽ ശമ്പളവും പെൻഷനും കൊടുക്കാൻ കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ എവിടെനിന്നെല്ലാം കടം വാങ്ങിയിട്ടുണ്ട്; വ്യക്തമാക്കുമോ; | (ബി) | കടം എടുത്ത ധനകാര്യ സ്ഥാപനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br>1. കൺസോർഷ്യം ബാങ്ക് വായ്പ<br>2. ജില്ലാ സഹകരണ ബാങ്ക്, പാലക്കാട്<br>3. ജില്ലാ സഹകരണ ബാങ്ക്, എറണാകുളം<br>4. കേരളാ സ്റ്റേറ്റ് പവർ & ഇൻഫ്രാസ്ട്രക്ചർ ഫിനാൻസ് കോർപ്പറേഷൻ<br>5. കെ.റ്റി.ഡി.എഫ്.സി.<br>6. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ (അഡീഷണൽ) |
| (സി) | നിലവിൽ കെ.എസ്.ആർ.ടി.സിയ്ക്ക് ആകെ എത്ര ഡിപ്പോകളാണ് ഉള്ളത്; അവയിൽ എത്രയെണ്ണം ശമ്പളവും പെൻഷനും നൽകുന്നതിന് വേണ്ടി പണയപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കുമോ; | (സി) | നിലവിൽ കെ.എസ്.ആർ.ടി.സിക്ക് 30 ഡിപ്പോകളും, 43 സബ്ബ് ഡിപ്പോകളും, 20 ഓപ്പറേറ്റിംഗ് സെന്ററുകളും ഉണ്ട്. അവയിൽ 48 എണ്ണം പണയപ്പെടുത്തിയിട്ടുണ്ട്. അവയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | പണയപ്പെടുത്തിയ ഡിപ്പോകളിൽ നിന്നുള്ള വരുമാനം ആർക്കാണ് ലഭ്യമാവുക; വ്യക്തമാക്കുമോ; | (ഡി) | വായ്പ ലഭ്യമാക്കിയിട്ടുള്ള വിവിധ ധനകാര്യ സ്ഥാപനങ്ങളിലേക്ക് വായ്പാ തിരിച്ചടവിനായി ടി ഡിപ്പോകളുടെ വരുമാനം ലഭ്യമാക്കുന്നു. |

| | | | |
|---|---|---|---|
| (ഇ) | കെ.എസ്.ആർ.ടി.സി.യ്ക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകുന്നതിന് രൂപം കൊടുത്ത ഫിനാൻഷ്യൽ കോർപ്പറേഷൻ നൽകുന്ന വായ്പകളുടെ പലിശ എത്ര ശതമാനമാണ്; അവർക്ക് ഇനിയും തിരിച്ചടയ്ക്കാനുള്ള വായ്പ എത്ര രൂപയാണ്; വിശദമാക്കുമോ; | (ഇ) | നിലവിൽ 12.10% മുതൽ 13.50% വരെ പലിശ നിരക്കിലാണ് കേരളാ ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ കെ.എസ്.ആർ.ടി.സി.യ്ക്ക് വായ്പ നൽകി വരുന്നത്. 2016 ജനുവരിയ്ക്കു ശേഷം നാളിതുവരെ ലഭ്യമാക്കിയിട്ടുള്ള വായ്പകളിൽ 655 കോടി രൂപ തിരിച്ചടയ്ക്കാനുണ്ട്. 12/2015-നു മുൻപ് ബാക്കി നിൽക്കുന്ന തിരിച്ചടയ്ക്കാനുള്ള തുകയിൽ വ്യക്തത വരുത്തുന്നതിനായി റീകൺസിലേഷൻ നടത്തി വരുന്നു. |
| (എഫ്) | കെ.എസ്.ആർ.ടി.സി. യെ കടക്കെണിയിൽ നിന്ന് രക്ഷപ്പെടുത്തി ലാഭത്തിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (എഫ്) | കെ.എസ്.ആർ.ടി.സി.യെ ശാക്തീകരിക്കാനായി പ്രകൃതി സൗഹൃദ വാതകം ഇന്ധനമായി ഉപയോഗിക്കുന്ന 1000 ബസുകൾ അടുത്ത 5 വർഷം കൊണ്ട് നിരത്തിലിറക്കുവാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രകൃതി സൗഹൃദ വാതകം ഇന്ധനമായി ഉപയോഗിക്കുന്ന ബസുകൾ നിരത്തിലിറക്കുന്നതിനുള്ള ആദ്യ ഗഡുവായി 50 കോടി രൂപയാണ് പ്രതീക്ഷിക്കുന്ന ചെലവ്. അഞ്ചു വർഷം കൊണ്ട് ഭൂരിഭാഗം ബസുകളും സി.എൻ.ജി. ഇന്ധനത്തിലേക്ക് മാറ്റുന്നതിന് ലക്ഷ്യമിടുന്നുണ്ട്. ബസ് സ്റ്റാൻഡുകളെ ആധുനികവത്കരിക്കുകയും വരുമാനദായകമാക്കുകയും ചെയ്യുന്നതാണ്. മൈലേജ്, മെയിന്റനൻസ് തുടങ്ങിയ മേഖലകളിൽ ഉത്പാദനക്ഷമത ഉണ്ടാക്കുന്നതിനും ബ്രേക്ക്ഡൗണുകൾ, അപകടങ്ങൾ എന്നിവ കുറയ്ക്കുന്നതിനും സമയബന്ധിത കർമ്മ പരിപാടി തയ്യാറാക്കുന്നതാണ്. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അഞ്ചോ അതിലധികമോ കെ.എം.പി.എൽ ലഭിക്കുന്ന ബസുകളിലെ ഡ്രൈവർമാർക്ക് 100 രൂപ 01.02.2017 |

| | | | |
|---|---|---|---|
| | | | മുതൽ പ്രതിദിന ഇൻസെന്റീവ് നല്കി വരുന്നു. കൂടാതെ ബോധവത്കരണ ക്ലാസുകളും ട്രെയിനിംഗും സംഘടിപ്പിച്ചുവരുന്നു. മെയിന്റനൻസിനായി നിരത്തിൽ നിന്നും ബസുകൾ പകൽ സമയം പിൻവലിക്കുന്നത് മൂലം കോർപ്പറേഷന് നഷ്ടം സംഭവിച്ചു വരുന്നതായി കണ്ടതിന്റെ അടിസ്ഥാനത്തിൽ എല്ലാതരം റിപ്പയറുകളും, മെയിന്റനൻസുകളും രാത്രികാലങ്ങളിലാണ് നടത്തിവരുന്നത്. |

സെക്ഷൻ ഓഫീസർ